# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## മെത്രാൻമാരും പുരോഹിതരും സേവനത്തിനായി അഭിഷേകം ചെയ്യപ്പെട്ടവർ - ഫ്രാൻസീസ് പാപ്പാ



വത്തിക്കാനിലെ കാസാ സാന്താ മരിയ ഭവനത്തിലെ ചാപ്പലിൽ ദിവ്യബലിമധ്യേ ദൈവവചനവായനയ്ക്കുശേഷമാണ് പാപ്പാ ഈ പ്രസ്താവന നടത്തിയത്. സഭയെ ദൈവത്താൽ സ്ഥാപിതം എന്ന വിശേഷിപ്പിച്ച പാപ്പാ മെത്രാൻമാരെയും വൈദികരെയും ജനങ്ങൾക്കു സേവനം ചെയ്യാൻ പ്രത്യേകം അഭിഷേകം ചെയ്യപ്പെട്ടവർ എന്നും വിശേഷിപ്പിച്ചു. ലോകമെമ്പാടും ആരുമറിയാതെ വിശുദ്ധസേവനം ചെയ്യുന്ന നിരവധിയായ വൈദികർക്കു പാപ്പാ നന്ദി പറഞ്ഞു.

ദിവ്യബലി മധ്യേയുള്ള ആദ്യവായനയിൽ ദാവീദ്, രാജാവായി അഭിഷേകം ചെയ്യപ്പെടുന്ന ഭാഗം വായിച്ച് പാപ്പാ പറഞ്ഞു. "ഈ അഭിഷേകം ഇല്ലായിരുന്നെങ്കിൽ ദാവീദ് ഒരു കമ്പനിയുടെയോ ഒരു രാഷ്ട്രീയസമൂഹത്തിന്റെയോ തലവൻ മാത്രമാകുമായിരുന്നു. വെറുമൊരു രാഷ്ട്രീയസംഘാടകനായി ഒതുങ്ങിപ്പോകുമായിരുന്നു. അഭിഷേകത്തിനു ശേഷം ദൈവത്തിന്റെ ആത്മാവ് ഇറങ്ങിവന്നു ദാവീദിനൊപ്പം വസിക്കുന്നു. ദാവീദ് ശക്തിയിൽ വളർന്നുവന്നുവെന്നും കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നുവെന്നും ദൈവവചനം പറയുന്നു." ഇതാണ് അഭിഷേകംവഴി സംഭവിക്കുന്ന സവിശേഷതയെന്ന് പാപ്പാ പറഞ്ഞു. കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് അഭിഷിക്തർ. അങ്ങനെയുള്ളവരാണ് മെത്രാൻമാരും വൈദികരും.

മെത്രാൻമാർ തിരഞ്ഞെടുക്കപ്പെടുന്നത് സഭ എന്ന ഒരു സ്ഥാപനം നടത്താനല്ല. അവർ അഭിഷിക്തരാണ്. അവരിൽ അഭിഷേകമുണ്ട്. കർത്താവിന്റെ അരൂപി അവരോടൊപ്പമുണ്ട്. എല്ലാ മെത്രാൻമാരും പാപികളാണ്. എല്ലാവരുംതന്നെ. എങ്കിലും അവർ അഭിഷിക്തരാണ്. ഓരോദിവസവും കൂടുതൽ വിശുദ്ധരാകാൻ നാം ആഗ്രഹിക്കുന്നു. അഭിഷേകത്തോട് കൂടുതൽ വിശ്വസ്തത പുലർത്താൻ ആശിക്കുന്നു. മെത്രാൻ എന്ന വ്യക്തി ക്രിസ്തുവിന്റെ നാമത്തിൽ സഭയെ പണിയുയർത്തുന്നയാളാണ്. അത് അദ്ദേഹം അഭിഷേകം സ്വീകരിച്ചതുകൊണ്ടാണ്. ഭൂരിപക്ഷത്താൽ തിരഞ്ഞെടുക്കപെട്ടതുകൊണ്ടല്ല. ഈ അഭിഷേകത്താലാണ് സഭയുടെ ശക്തി. മെത്രാൻമാരുടെ സേവനദൗത്യത്തിൽ പങ്കുപറ്റുന്നതുകൊണ്ട് പുരോഹിതരും അഭിഷേകം സ്വീകരിക്കുന്നു.

അഭിഷേകം മെത്രാൻമാരെയും പുരോഹിതരെയും ദൈവത്തോട് അടുപ്പിക്കുകയും അവരിൽ ആനന്ദവും

ശക്തിയും നിറയ്ക്കുകയും ചെയ്യുന്നു. ജനങ്ങളെ നയിക്കാനും, അവരെ സഹായിക്കാനും. ജനങ്ങൾക്കു സേവനം ചെയ്തുകൊണ്ടു ജീവിക്കാനും വേണ്ടിയാണത്. കർത്താവ് നമ്മെ തിരഞ്ഞെടുക്കുകയും നമുക്ക് കാവലാകുകയും സ്നേഹാർദ്രനായി നമ്മെ നോക്കുകയും ചെയ്യുന്നുവെന്ന ആനന്ദകരമായ അനുഭവമാണ് അഭിഷേകം നൽകുന്നത്. അതിനാൽ മെത്രാൻമാരെയും വൈദികരെയും കുറിച്ച് ചിന്തിക്കുമ്പോൾ അഭിഷിക്തരായി വേണം അവരെ കാണേണ്ടത്.

കേവലം മാനുഷികശക്തി കൊണ്ടുമാത്രം സഭയ്ക്ക് മുന്നോട്ടു പോകാൻ കഴിയും എന്നു ചിന്തിക്കുക അസാധ്യമാണ്. മാനുഷികമായി അതു വിശദീകരിക്കാനും സാധ്യമല്ല. ഒരു രൂപതയിലെ വിശുദ്ധരായ ആളുകളുടെ സാന്നിധ്യംകൊണ്ടാണ്. അതിൽ വിശുദ്ധനായ നേതാവ് ഉള്ളതുകൊണ്ടാണ് ആ രൂപത പുരോഗതി പ്രാപിക്കുന്നതും വളരുന്നതും. ഒരു ഇടവകയിൽ നിരവധിസംഘടനകൾ ഉണ്ടായിരിക്കാം. എന്നാൽ ഇടവക വൈദികന്റെ വിശുദ്ധിക്ക് ആ ഇടവകയുടെ വളർച്ചയിൽ പ്രധാനപങ്കുണ്ട്. രൂപതകൾക്കും ഇടവകകൾക്കും വേണ്ടി ആത്മാർപ്പണംചെയ്ത എത്രയോ മെത്രാൻമാരും വൈദികരും ചരിത്രത്തിലുണ്ട്! അജ്ഞാതരായ ഈ ഇടയൻമാരിൽനിന്ന് എത്രയേറെ ജനങ്ങൾ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും ശക്തി സ്വീകരിച്ചിരിക്കുന്നു. പലരെയും നമുക്കറിയില്ല. എന്നാൽ അവരുടെ എണ്ണം വലുതാണ്.

ഒരുപാടുപേരുണ്ട് അവർ. നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഇടവകകളിൽ സേവനം ചെയ്യുന്ന വൈദികർ. തങ്ങളുടെ അഭിഷേകത്തിലൂടെ ജനങ്ങളെ ശക്തിപ്പെടുത്തുന്നവർ. വിശ്വാസത്തിന്റെ പാഠങ്ങൾ പകർന്നുകൊടുക്കുന്നവർ. കൂദാശകൾ പകർന്നുകൊടുക്കുന്നവർ. സർവ്വോപരി വിശുദ്ധി പകർന്നു കൊടുക്കുന്നവർ. പക്ഷേ, പപ്പാ, ആ ബിഷപ്പ് അങ്ങനെ ചെയ്തു എന്നു ഞാൻ പത്രത്തിൽ വായിച്ചല്ലോ. ആ അച്ചൻ അങ്ങനെയൊക്കെ ചെയ്തു എന്ന് അവർ പറയുന്നു. "അതേ മോനെ, ഞാനും വായിച്ചു. പക്ഷേ മോനെ, നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള അനേകം ഇടവകകളിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ ഒരുപാട് പരസ്നേഹപ്രവൃത്തികളും നന്മകളും ചെയ്യുന്ന വൈദികരെ കുറിച്ച് ഈ പത്രങ്ങൾ എഴുതിയോ? എത്ര മഹത്തായ പ്രവൃത്തികൾ അവർ ചെയ്യുന്നു. ഇല്ല. അതൊന്നും വാർത്തയാകുന്നില്ല. അതെല്ലാം പതിവുകാര്യങ്ങളല്ലേ. നിശബ്ദമായി വളരുന്ന ഒരു കാടിനേക്കാൾ ശബ്ദമുണ്ടാക്കുന്നത് വീഴുന്ന ഒരു മരമാണെന്നതാണെന്നത് യാഥാർത്ഥ്യം. ഇന്ന് ദാവീദിന്റെ അഭിഷേകത്തെപറ്റി ചിന്തിക്കുമ്പോൾ ധീരരും വിശുദ്ധരും വിശ്വസ്തരുമായ മെത്രാൻമാരെയും വൈദികരെയും നമുക്കോർക്കാം. അവർക്കായി പ്രാർത്ഥിക്കാം. നാം ഇന്ന് ഇവിടെ ആയിരിക്കുന്നതിന് അവർക്കു നന്ദി പറയാം." പാപ്പാ പറഞ്ഞു.